"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2025 - വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.491/2025/LSGD തീയതി,തിരുവനന്തപുരം, 17-02-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 366/2024/തസ്വഭവ തീയതി 14/02/2024.
2. സ.ഉ.(സാധാ) നം. 1123/2024/തസ്വഭവ തീയതി 25/06/2024
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01/02/2025, 05/02/2025 തീയതികളിലെ DCTVM/12567/2024-S9 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആറ്റുകാൽ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭരണാനുമതി ജില്ലാ കളക്ടർ നൽകുന്ന ശുപാർശ പ്രകാരം നൽകി വരുന്നു. 2024 ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് 2,50,15,942/- രൂപയുടെ ഭരണാനുമതി പരാമർശം (1), (2) എന്നിവ പ്രകാരം നൽകുകയുണ്ടായി.

2) 2025-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1,99,47,421/- (ഒരു കോടി തൊണ്ണൂറ്റിഒൻപത് ലക്ഷത്തി നാൽപത്തിയേഴായിരത്തി നാന്നൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം സമർപ്പിക്കുകയും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട ചുവടെ പട്ടിക പ്രകാരമുള്ള നിർവ്വഹണ ഏജൻസികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആകെ 1,99,47,421/- (ഒരു കോടി തൊണ്ണൂറ്റിഒൻപത് ലക്ഷത്തി നാൽപത്തിയേഴായിരത്തി നാന്നൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ചെലവുകൾ സംബന്ധിച്ച രേഖകൾ സഹിതം തുക അനുവദിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | നിർവ്വഹണ ഏജൻസി | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി (സ്വീവേജ് ഡിവിഷൻ) | 1,51,97,200/- |
| 2 | വൻകിട ജലസേചന വകുപ്പ് | 3,70,000/- |
| 3 | കേരള വാട്ടർ അതോറിറ്റി (പി.എച്ച്. ഡിവിഷൻ സൗത്ത്) | 16,12,000/- |
| 4 | തഹസിൽദാർ തിരുവനന്തപുരം | 2,17,901/- |
| 5 | ചെറുകിട ജലസേചന വകുപ്പ് | 12,09,500/- |
| 6 | ഡെപ്യൂട്ടീ ഇൻസ്പെക്ടർ ജനറൽ & കമ്മീഷൻ ഓഫ് പോലീസ് തിരുവനന്തപുരം സിറ്റി | 13,40,820/- |
| | ആക | 1,99,47,421 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
സിറ്റി പോലീസ് കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ വകുപ്പ് / മേജർ ഇറിഗേഷൻ വകുപ്പ്
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.എസ്.എസ്.എ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ് (3046280/DEV-3/30/2025-Fin dated 12/02/2025)
റവന്യൂ (ദേവസ്വം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No.IA2/21/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 17-02-2025 14:45:58

പകർപ്പ് :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി-യുടെ പി.എ.യ്ക്ക്